# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5053

01.07.2013-ലെ മറുപടിക്ക്

### ജയിലുകളിലെ പ്ലാസ്റ്റിക് നിർമ്മാണ യൂണിറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ജയിലുകളിൽ എന്തെല്ലാം പ്ലാസ്റ്റിക് റീസൈക്ലിംഗ് നിർമ്മാണ പ്രക്രിയകളാണ് ആരംഭിച്ചിട്ടുള്ളത്; | എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാസ്റ്റിക് കട്ട (പ്ലാസ്റ്റോൺ) നിർമ്മാണ യൂണിറ്റും പ്ലാസ്റ്റിക് വിറക് (ബ്രിക്വറ്റിംഗ്) നിർമ്മാണ യൂണിറ്റും തുടങ്ങുന്നതിന് ജയിൽ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) പരിസ്ഥിതിക്ക് യോജിച്ച രീതിയിൽ പ്രസ്തുത നിർമ്മാണ റീസൈക്ലിംഗ് പ്രക്രിയയും ഉപയോഗവും നടത്താൻ കഴിയുമെന്നതിന് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | ബി) പ്ലാസ്റ്റിക് വിറക് നിർമ്മാണം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ബയോടെക്കിൽ നിന്നും ജയിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. |
| സി) എങ്കിൽ വിശദാംശങ്ങളും പഠന റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ; | സി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) ഇതിനായി എന്തു തുക ചെലവു പ്രതീക്ഷിക്കുന്നു.; എന്തു തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ; | ഡി) പ്ലാസ്റ്റോൺ നിർമ്മാണ യൂണിറ്റിനായി 50 ലക്ഷം രൂപയുടെയും പ്ലാസ്റ്റിക് വിറക് നിർമ്മാണ യൂണിറ്റിനായി 20 ലക്ഷം രൂപയുടെയും പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| ഇ) ഇത് മറ്റേതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കിയത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;<br><br>എഫ്) ഇതുമൂലം സംസ്ഥാനത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് പ്രസ്തുത വകുപ്പുമായി ചേർന്ന് എന്തെങ്കിലും പഠനമോ ആശയ വിനിമയമോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഇ) യും (എഫ്) ഉം | പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ